പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 665

30.06.2016 ന് മറുപടിയ്ക്ക്.

## സ്കിൽ ഡവലപ്പ്മെൻറ് മിഷന്റെ പ്രവർത്തനത്തിന് കർമ്മ പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. വി.ഡി.സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി.റ്റി.ബൽറാം :
ശ്രീ. കെ.മുരളീധരൻ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് സ്കിൽ ഡവലപ്പ്മെൻറ് മിഷന്റെ പ്രവർത്തനത്തിന് മുൻ ഗവൺമെൻറ് തയ്യാറാക്കിയ കർമ്മ പദ്ധതികൾ വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ), (ബി) & (ഡി) വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ സെക്ഷൻ 25 കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. ഇതിന്റെ ഭാഗമായി നൈപുണ്യം ഇന്റർനാഷണൽ സ്കിൽസ് പാർക്ക്, കൗശൽകേന്ദ്രങ്ങൾ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ, നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെൻറ്, എംപ്ലോയബിലിറ്റി സെന്ററുകൾ, എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ ആന്റ് റിഗ് എന്നിവ ആരംഭിച്ചു. വിവിധ മേഖലകളിൽ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. |
| (സി) പദ്ധതി നടത്തിപ്പിന് ഭരണ തലത്തിൽ ഒരുക്കിയ സംവിധാനങ്ങൾ വിശദമാക്കുമോ; | (സി) തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)ഉം. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(KASE)ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹു. മുഖ്യമന്ത്രി ചെയർമാൻ ആയുള്ള അഡ്വൈസറി ബോർഡും ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്, വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | |

Bindu

സെക്ഷൻ ഓഫീസർ